കേരള സർക്കാർ

**സംഗ്രഹം**

ദേശീയ പെൻഷൻ പദ്ധതിയിൽ അംഗമായിരിക്കുന്ന എയ്ഡഡ് സ്കൂൾ അധ്യാപകരുടെ പെൻഷൻ വിഹിതം അടവാക്കുന്നത് സംബന്ധിച്ച് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ(പി)നം. 149/2017/ധന. തിരുവനന്തപുരം,തീയതി: 18.11.2017

---

പരാമർശം: സ.ഉ(പി)നം. 20/2013/ധന. തീയതി, 07.01.2013

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം 01.04.2013 ന് ശേഷം സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന കെ.എസ്.ആർ ഭാഗം III പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്ന സർക്കാർ/പൊതുമേഖല/എയ്ഡഡ്/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ദേശീയ പെൻഷൻ പദ്ധതി- ബാധകമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ എയ്ഡഡ് മേഖലയിലെ നിരവധി അധ്യാപകരുടെ എൻ.പി.എസ് വരിസംഖ്യ ഒടുക്കുന്നതിൽ ഏകീകരണമില്ലായ്മ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. മേൽ അധ്യാപകരുടെ എൻ.പി.എസ് വിഹിതം അധ്യാപകർ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ, അധ്യാപകരുടെ നിയമനത്തിന് അംഗീകാരം ലഭിക്കുന്ന തീയതി മുതൽ, അധ്യാപകർക്ക് PRAN ലഭ്യമാകുന്ന മാസം മുതൽ എന്നിങ്ങനെ വ്യത്യസ്ത രീതിയിൽ ഈടാക്കി വരുന്നുണ്ട്. ഇത്തരത്തിൽ വിവിധ രീതിയിൽ ഒരേ വിഭാഗം ജീവനക്കാരുടെ എൻ.പി.എസ് വിഹിതം അടവാക്കുന്നതിനാൽ പല തരത്തിലുള്ള പരാതികൾ ഈ മേഖലയിൽ നിന്നും ഉയർന്ന് വന്നിരിക്കുന്ന സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മുകളിൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ പരിഹരിക്കുന്നതിനായി എയ്ഡഡ് സ്കൂൾ

അധ്യാപകരിൽ നിന്നും എൻ.പി.എസ് വിഹിതം ഈടാക്കുന്നതിലേയ്ക്കായി **ടി ജീവനക്കാർക്ക് നിയമനം ലഭിക്കുന്ന മാസം മുതൽ എൻ.പി.എസ് വിഹിതം ഈടാക്കേണ്ടതാണ് എന്നതിന് പകരം നിയമനാംഗീകാരം ലഭിക്കുന്ന തീയതി മുതൽ മാത്രം എൻ.പി.എസ് വിഹിതം ഈടാക്കേണ്ടതാണ്** എന്ന രീതിയിൽ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ) കേരള,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6. ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം, തിരുവനന്തപുരം
7. ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
8. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്.
9. പൊതുവിദ്യാഭ്യാസ വകുപ്പ്
10. നോഡൽ ഓഫീസർ, www.finance.kerala.gov.in
11. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**